**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 350** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനങ്ങൾക്കായി എത്ര കോടിയുടെ നിക്ഷേപമാണ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് നടത്താൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) കണക്കാക്കിയിട്ടുള്ളത്. |
| (ബി) | രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU ആയി ഉയർത്തുന്നതിനായി നിലവിൽ 800 മീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്തിന്റെ നീളം 2000 മീറ്ററായും, 2960 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നീളം 3880 മീറ്ററായും, 30 ഹെക്ടർ വിസ്തീർണ്ണമുള്ള കണ്ടെയ്നർ യാർഡ് 70 ഹെക്ടർ ആയും വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ, തുടർ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്കായി ആവശ്യമായ യന്ത്രോപകരണ ങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ടി ഘടകങ്ങൾ പൂർത്തീകരിക്കുന്നതോടു കൂടി തുറമുഖത്തിന്റെ ശേഷി 30 ലക്ഷം TEU ആയി ഉയരുന്നതാണ്.<br><br>തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതോടൊപ്പം തുറമുഖത്തിലേക്കുള്ള റെയിൽ കണക്ടിവിറ്റി പൂർത്തീകരിക്കുവാനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. |
| (സി) | തുറമുഖത്തിന്റെ നിലവിലെ കണ്ടെയ്നർ കൈകാര്യശേഷി എത്രയാണെന്നും, രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ എത്ര കണ്ടെയ്നർ ശേഷി കൈവരിക്കാൻ കഴിയുമെന്നും അറിയിക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിലവിലെ സ്ഥാപിത ശേഷി പ്രതിവർഷം 10 ലക്ഷം TEU ആണ്. തുടർ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതോടു കൂടി തുറമുഖത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU ആയി ഉയരുന്നതാണ്. |
| (ഡി) | ടെർമിനൽ തുറക്കുന്നത് സംസ്ഥാനത്തെ ടൂറിസം വികസന മേഖലയ്ക്കുകൂടി ഗുണകരമാകുമെന്ന് | (ഡി) | ടൂറിസം മേഖല നിലവിൽ പരിഗണനയിൽ ഇല്ല |

| | | | |
|---|---|---|---|
| | പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ